അയ്യപ്പത്താവളം ഒഴിപ്പിക്കുന്നതിനെ ചൊല്ലി നെടുമങ്ങാട്ട് സംഘർഷം

■ പന്തൽ പൊളിച്ചു നീക്കാൻ കർമ്മസമിതി പ്രവർത്തകർ സന്നദ്ധത പ്രകടിപ്പിച്ചതോടെ സംഘർഷാവസ്ഥ അയഞ്ഞു ■ നൂറോളം പേർക്കെതിരെ കേസെടുത്തു

സ്വന്തം ലേഖകൻ

പൊലീസ് നിർദ്ദേശത്തെ തുടർന്ന് കർമ്മസമിതി പ്രവർത്തകർ പന്തൽ പൊളിക്കുന്നു

നെടുമങ്ങാട്: നെടുമങ്ങാട് കച്ചേരിനടയിൽ കോടതി മതിലിനു പുറത്ത് പൊതുനിരത്തിൽ സ്ഥാപിച്ച അയ്യപ്പത്താവളം ഒഴിപ്പിക്കുന്നതിനെ ചൊല്ലിയുള്ള വാക്കുതർക്കം സംഘർഷത്തിനിടയാക്കി. ഭക്തജനങ്ങളും പൊലീസും ഇരുഭാഗങ്ങളിൽ നിലയുറപ്പിച്ചത് നഗരത്തെ മണിക്കൂറുകളോളം മുൾമുനയിലാക്കി. ഒടുവിൽ പന്തൽ പൊളിച്ചു നീക്കാൻ കർമ്മസമിതി പ്രവർത്തകർ സന്നദ്ധത പ്രകടിപ്പിച്ചതോടെയാണ് സംഘർഷാവസ്ഥ അയഞ്ഞത്. പൊതുസ്ഥലം കൈയേറിയുള്ള നിർമ്മാണം നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നഗരസഭയും പൊലീസും കർമ്മസമിതി പ്രവർത്തകർക്ക് നോട്ടീസ് നൽകിയിരുന്നു.

എന്നാൽ എല്ലാ രാഷ്ട്രീയ പാർട്ടികളും പൊതുപരിപാടികൾ നടത്തുന്ന സ്ഥലത്താണ് പന്തൽ സ്ഥാപിച്ചതെന്നും ഇതു നീക്കം ചെയ്യില്ലെന്നും കർമ്മസമിതി നിലപാട് അറിയിച്ചു. ഇതേ തുടർന്ന് പന്തൽ നീക്കം ചെയ്യാൻ പൊലീസും നഗരസഭയും രംഗത്തെത്തുകയായിരുന്നു. ഇതിൽ പ്രതിഷേധിച്ച് ബി. ജെ. പി - ആർ. എസ്. എസ് പ്രവർത്തകരുടെ നേതൃത്വത്തിൽ സ്ത്രീകളടക്കമുള്ള കർമ്മസമിതി പ്രവർത്തകർ അയ്യപ്പ ചിത്രവുമേന്തി നഗരത്തിൽ നാമജപ പ്രദക്ഷിണം നടത്തി. നെടുമങ്ങാട് എ.എസ്.പിയുടെ അഭാവത്തിൽ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി ഡി.അശോകിന്റെയും സ്റ്റേഷൻ ഓഫീസർ സജിമോന്റെയും നേതൃത്വത്തിൽ വൻ പൊലീസ് സന്നാഹവും സ്ഥലത്ത് നിലയുറപ്പിച്ചു. നഗരസഭ ചെയർമാൻ ചെറ്റച്ൽ സഹദേവന്റെയും സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ പി. ഹരികേശൻ നായരുടെയും നേതൃത്വത്തിൽ എൽ.ഡി.എഫ് പ്രവർത്തകരും സ്ഥലത്തെത്തിയതോടെ സ്ഥിതിഗതികൾ രൂക്ഷമായി.

നഗരപ്രദക്ഷിണം കഴിഞ്ഞെത്തിയ കർമ്മസമിതി പ്രവർത്തകരെ പൊലീസ് പന്തലിൽ പ്രവേശിക്കാൻ അനുവദിച്ചില്ല. തുടർന്ന് പ്രവർത്തകർ ശരണം വിളിയുമായി റോഡിന് എതിർവശത്ത് കുത്തിയിരുന്നപ്പോൾ പൊലീസ് സംഘം ലാത്തിയും ഷീൽഡുമേന്തി പന്തലിന് വലയം തീർത്തു. ഉച്ചയോടെ ബി.ജെ.പി, ആർ.എസ്.എസ് നേതൃത്വം പന്തൽ നീക്കം ചെയ്യാൻ പ്രവർത്തകർക്ക് നിർദ്ദേശം നൽകുകയായിരുന്നു. ഹൈക്കോടതി ഉത്തരവ് ലംഘിച്ച് പൊതുവഴിയിൽ പന്തൽ സ്ഥാപിക്കുകയും സംഘർഷാവസ്ഥസൃഷ്ടിക്കുകയും ചെയ്തതിന് നൂറോളം പേർക്കെതിരെ കേസ് എടുത്തതായി നെടുമങ്ങാട് സി.ഐ സജിമോൻ പറഞ്ഞു. എന്നാൽ അയ്യപ്പത്താവളം പൊളിച്ചതിനു പിന്നിൽ ഗൂഢാലോചന ഉണ്ടെന്നും ഭക്തരോടുള്ള വെല്ലുവിളിയാണെന്നും ബി.ജെ.പി മണ്ഡലം ജനറൽ സെക്രട്ടറിയും കർമ്മസമിതി ഭാരവാഹിയുമായ കൊല്ലങ്കാവ് മണിക്കുട്ടൻ ആരോപിച്ചു.

കേരള യൂണിവേഴ്സിറ്റിയുടെ എം. എ ഫിലോസഫി പരീക്ഷയിൽ രണ്ടാംറാങ്ക് നേടിയ വഴുതക്കാട് ഗവ.വിമെൻസ് കോളേജിലെ ശ്രുതി.എസ്. ഗൗരീശപട്ടം ആമ്പൽമനയിൽ പി. സന്തോഷിന്റെയും സുഭദ്രാദേവിയുടെയും മകളാണ്.

പ്രമേഹ ദിനവും ശിശുദിനവും ആചരിച്ചു

തിരുവനന്തപുരം: അനന്തപുരി ആശുപത്രിയും നാലാഞ്ചിറ സെന്റ് ജോൺസ് സ്കൂളുമായി സഹകരിച്ച് ലോകപ്രമേഹ ദിനവും ശിശുദിനവും ആചരിച്ചു. കുട്ടികൾക്കായുള്ള വാഗത്തോൺ അനന്തപുരി ആശുപത്രി ചെയർമാൻ ഡോ.എ.മാർത്താണ്ഡപിള്ള ഫ്ലാഗ് ഓഫ് ചെയ്തു. ഇതോടൊപ്പം പ്രമേഹ ബോധവത്കരണ ക്യാമ്പും സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഫാദർ ഡോ.ശാന്തൻ ചരുവിൽ അദ്ധ്യക്ഷത വഹിച്ചു. ഫാദർവിൽസൺജോർജ്ആശംസകൾ നേർന്നു. പീഡിയാട്രിക് എൻഡക്രൈനോളജിസ്റ്റ് ഡോ.പ്രവീണ വി.നായർ പ്രമേഹ ബോധവത്കരണ ക്ലാസ് നയിച്ചു. സന്തുലിത ഭക്ഷണ രീതികളെ കുറിച്ച് ഡയറ്റീഷ്യന്മാരുടെ കൗൺസലിംഗും ഉണ്ടായിരുന്നു.

WANTED
AYURVEDIC RESORT MANAGER
IN TRIVANDRUM.
Send resume to:
drpsambhu@hotmail.com

www.southindianbank.com | /thesouthindianbank

SOUTH INDIAN Bank
Experience Next Generation Banking

Inviting applications for South Indian Bank's Scholarship Scheme

SIB Scholar

Applications are invited from students for scholarship under the IIIrd edition of **'SIB Scholar'** scheme. **Eligibility**: 1) Passed out from Government schools. 2) Secured minimum 85% marks in the 12th standard examination (2016-17 or 2017-18). 3) Pursuing their regular UG programme in 2018-19 (3 years and above) in Govt./Aided colleges/Self-financing colleges in Government quota and paying the same Government fees in Kerala. 4) Students from BPL families/family income less than Rs. 1.00 lakh p.a.

Under **'SIB Scholar'** scheme, the bank will pay/reimburse 100% of the tuition fee of the student as per the fee structure for the seats allotted in the Government quota of Govt./ Aided colleges and a monthly allowance of Rs.4,000/- will be granted to the students towards their hostel/ subsistence cost for the entire duration of their course.

*Conditions apply

For more details & application form, please visit: **www.southindianbank.com**

Scholarship recipients of Academic Year 2017-18

Toll Free (India): 1800-102-9408, 1800-425-1809 (BSNL), Email: customercare@sib.co.in | CIN : L65191KL1929PLC001017

സ്ത്രീ ശബരിമല ഓം സർവ്വമത തീർത്ഥാടന കേന്ദ്രം

ചക്കുളത്തുകാവ്
പൊങ്കാല
നവംബർ 23 ന്
രാവിലെ 10 ന്

രാധാകൃഷ്ണൻ നമ്പൂതിരി (ക്ഷേത്ര മുഖ്യകാര്യദർശി)

മണിക്കുട്ടൻ നമ്പൂതിരി (ക്ഷേത്ര കാര്യദർശി)

ഉണ്ണികൃഷ്ണൻ നമ്പൂതിരി (മേൽശാന്തി)

അശോകൻ നമ്പൂതിരി (ട്രസ്റ്റി)

രഞ്ജിത്ത് ബി. നമ്പൂതിരി (ട്രസ്റ്റി)

പന്ത്രണ്ട് നോയമ്പ് മഹോത്സവം ഡിസംബർ 16 മുതൽ 27 വരെ
നാരിപൂജ ഡിസംബർ 21 ആദ്യവെള്ളിയാഴ്ച
കലശവും തിരുവാഭരണ ഘോഷയാത്രയും ഡിസംബർ 26ന്

ശ്രീ. ഗോകുലം ഗോപാലൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ശ്രീഗോകുലം ഗ്രൂപ്പ്

ശ്രീ. ലോക്നാഥ് ബഹ്റ IPS സംസ്ഥാന പോലീസ് മേധാവി

ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി

ശ്രീ. ഡോ. സി.വി. ആനന്ദബോസ് IAS ചെയർമാൻ, യു.എൻ. വിദഗ്ധ സമിതി & അഡ്വൈസർ മേഘാലയ സ്റ്റേറ്റ്

പൊങ്കാല മഹോത്സവം

വെളുപ്പിന് 4ന്: നിർമ്മാല്യദർശനം, ഗണപതിഹോമം, രാവിലെ 9ന്: വിളിച്ചുചൊല്ലി പ്രാർത്ഥന, പൊങ്കാല രാവിലെ 10ന്: പണ്ടാരഅടുപ്പിൽ അഗ്നിപകരുന്നു (ഇതോടൊപ്പം ഭക്തജനങ്ങളും പൊങ്കാല അടുപ്പിൽ അഗ്നിപകരേണ്ടതാണ്), അദ്ധ്യക്ഷൻ: ബ്രഹ്മശ്രീ. മണിക്കുട്ടൻ തിരുമേനി (ക്ഷേത്ര കാര്യദർശി), അനുഗ്രഹ പ്രഭാഷണം : ബ്രഹ്മശ്രീ. രാധാകൃഷ്ണൻ തിരുമേനി (ക്ഷേത്ര മുഖ്യകാര്യദർശി), പൊങ്കാല ഉദ്ഘാടനവും അന്നദാന മണ്ഡപ സമർപ്പണവും : ശ്രീ. ഗോകുലം ഗോപാലൻ (ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ശ്രീഗോകുലം ഗ്രൂപ്പ്)

സാംസ്കാരിക സമ്മേളനം (നവംബർ 23 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക്)

ഈശ്വര പ്രാർത്ഥന, സ്വാഗതം : അഡ്വ. കെ.കെ. ഗോപാലകൃഷ്ണൻ നായർ (ക്ഷേത്ര അഡ്മിനിസ്ട്രേറ്റർ), അദ്ധ്യക്ഷൻ : ബ്രഹ്മശ്രീ. മണിക്കുട്ടൻ തിരുമേനി (ക്ഷേത്രകാര്യദർശി), ഉദ്ഘാടനം : ശ്രീ. ലോക് നാഥ് ബഹ്റ IPS (സംസ്ഥാന പോലീസ് മേധാവി), അനുഗ്രഹപ്രഭാഷണം : ബ്രഹ്മശ്രീ. രാധാകൃഷ്ണൻ തിരുമേനി (ക്ഷേത്ര മുഖ്യകാര്യദർശി), മുഖ്യാതിഥി : ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി (മുൻകേന്ദ്രമന്ത്രി) പ്രഭാഷണം : ബ്രഹ്മശ്രീ. രമേശ് ഇളമൺ നമ്പൂതിരി, കാർത്തിക സ്തംഭത്തിൽ അഗ്നിപകരുന്നത്: ഡോ. സി.വി. ആനന്ദബോസ് ഐ.എ.എസ് (ചെയർമാൻ യു.എൻ. വിദഗ്ധ സമിതി), ആശംസകൾ : അഡ്വ. ജനുപ് പുഷ്പാകരൻ (തലവടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്) ശ്രീ. സുനിൽ കുമാർ (നെടുമ്പ്രം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്), ശ്രീ. മാന്നാർ അബ്ദുൾ ലത്തീഫ് (കെ.പി.സി.സി. സെക്രട്ടറി), ശ്രീ. ബാബു വലിയവീടൻ (മെമ്പർ തലവടി ഗ്രാമപഞ്ചായത്ത്), ശ്രീമതി ലാലി അലക്സ് (വാർഡ് മെമ്പർ), ശ്രീ. അജിത്ത് പിഷാരത്ത് (മെമ്പർ തലവടി ഗ്രാമപഞ്ചായത്ത്), ശ്രീ. ജയിംസ് ചുങ്കത്തിൽ, കൃതജ്ഞത : ശ്രീ. സന്തോഷ് ഗോകുലം (ഉത്സവ കമ്മറ്റി സെക്രട്ടറി)

Best Compliments From...
CITY MEDICAL SUPPLIES
(SURGICAL DISTRIBUTORS)
KODITYATTU BUILDINGS,
Opp: Main Gate,PushpagiriM.C.H
Thiruvalla -1,Kerala-India
citymedicalsupplies@gmail.com

City Surgicals
Bethel padi,Kuttapuzha P.O,Thiruvalla
Mob:+919447364469, 9048687050,PH:04692606017

നാരിപൂജ ഡിസംബർ 21 ന്

ഉദ്ഘാടനം ഡോ. സീത സുബ്ബയ്യ സിംഗപ്പൂർ